# കേരള സർവകലാശാല

നം. പി.ആർ.006/2015 ഫോൺ : 2305738

## പത്രക്കുറിപ്പ്

### പി.ജി.ഡി.കെ.എം ഫലം

കേരള സർവകലാശാല കാര്യവട്ടം ഫ്യൂച്ചേഴ്സ് സ്റ്റഡീസ് പഠനവകുപ്പ് ഒക്ടോബറിൽ നടത്തിയ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ നോളജ് മാനേജ്മെന്റ് പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് മാർച്ച് മൂന്ന് വരെ അപേക്ഷിക്കാം.

### സി.ബി.സി.എസ് ക്ലാസ്

കേരള സർവകലാശാല സി.ബി.സി.എസ് സമ്പ്രദായമനുസരിച്ചുള്ള രണ്ടാം സെമസ്റ്റർ ഫസ്റ്റ് ഡിഗ്രി പ്രോഗ്രാമുകളുടെ (2015 അഡ്മിഷൻ) ക്ലാസുകൾ ഫെബ്രുവരി എട്ടിന് തുടങ്ങും.

### സഈദ് നൂർസി : രാജ്യാന്തര സെമിനാർ

കേരള സർവകലാശാല കാര്യവട്ടം അറബിക് പഠനവകുപ്പും ഇസ്താംബൂൾ ഫൗണ്ടേഷനും സംയുക്തമായി നടത്തുന്ന അഞ്ചാമത് സഈദ് നൂർസി രാജ്യാന്തര കോൺഫറൻസ് ഫെബ്രുവരി എട്ടിന് തുടങ്ങും. പ്രോ-വൈസ് ചാൻസലർ ഡോ. എൻ വീരമണികണ്ഠൻ, സംസ്ഥാന ന്യൂനപക്ഷ ക്ഷേമവകുപ്പ് ഡയറക്ടർ ഡോ. പി. നസീർ, ഇസ്താംബൂൾ ഫൗണ്ടേഷൻ ഡയറക്ടർ പ്രൊഫ. ഹാരിസ് കായ തുടങ്ങിയവർ പങ്കെടുക്കും. ഫെബ്രുവരി ഒമ്പത് വൈകുന്നേരം മൂന്ന് മണിക്ക് നടക്കുന്ന സമാപന സമ്മേളനം അബ്ദുൾ സമദ് സമദാനി ഉദ്ഘാടനം ചെയ്യും.

### സർട്ടിഫിക്കറ്റ് ഇൻ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ഫലം

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം ഡിസംബറിൽ നടത്തിയ േ സർട്ടിഫിക്കറ്റ് കോഴ്സായ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിന്റെ (2014-15 അഡ്മിഷൻ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. ധരണി ധരൻ ആർ (രജി.നം. 1002) ഒന്നാം റാങ്ക് നേടി.

(ഒപ്പ്)

സർവകലാശാല മന്ദിരം, ഡോ. ലാൽ സി.എ.

തിരുവനന്തപുരം. പബ്ലിക് റിലേഷൻസ് ഓഫീസർ

06.02.2016

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098